# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

18/02/2013 - ലെ മറുപടിയ്ക്ക്

**നക്ഷത്ര ചിഹ്നമിട്ട**

**ചോദ്യം നമ്പർ *288**

## കർഷക രജിസ്ട്രേഷൻ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.വി.വിജയദാസ്<br>ശ്രീ.എസ്.ശർമ്മ<br>ശ്രീ.കെ.സുരേഷ് കുറുപ്പ്<br>ശ്രീ.ആർ.രാജേഷ് | | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) | |
| (എ) | കൃഷി വകുപ്പിൽ കർഷകർ പേര് രജിസ്റ്റർ ചെയ്യണമെന്ന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ ; ഇതിനായി കാലപരിധി വെച്ചിട്ടുണ്ടോ ; | (എ) | ഉണ്ട്. സംസ്ഥാനത്തെ കർഷകരുടെ ഒരു ഡേറ്റാ ബേസ് തയ്യാറാക്കുവാനും, വിവിധ പദ്ധതി ആനുകൂല്യങ്ങൾ ഇ-പേയ്മെന്റ് സംവിധാനത്തിലൂടെ കർഷകരുടെ അക്കൗണ്ടുകളിലേക്ക് കൈമാറ്റം ചെയ്യുവാനും തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ 2012 നവംബർ 16 വരെ കൃഷി ഭവനുകളിൽ രജിസ്റ്റർ ചെയ്യുന്നതിന് കാലപരിധി തീരുമാനിച്ചിരുന്നു. |
| (ബി) | സർക്കാർ തീരുമാനം സംസ്ഥാനത്തെ എല്ലാ കൃഷിക്കാരും അറിഞ്ഞിട്ടുണ്ടോ ; രജിസ്ട്രേഷൻ നടത്താനുള്ള എത്ര ഫോറങ്ങൾ പ്രിന്റ് ചെയ്തു വിതരണം ചെയ്യുകയുണ്ടായി ; ഇതേവരെയുള്ള രജിസ്ട്രേഷൻ ജില്ല തിരിച്ച് വ്യക്തമാക്കാമോ ; | (ബി) | വർത്തമാന പത്രങ്ങൾ ദൃശ്യ-ശ്രാവ്യ മാധ്യമങ്ങൾ, കേരള കർഷകൻ തുടങ്ങിയ കാർഷിക പ്രസിദ്ധീകരണങ്ങൾ, കൃഷി വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റ് തുടങ്ങിയവ വഴി ഇത് സംബന്ധിച്ച പ്രചാരണം നടത്തിയിട്ടുണ്ട്. കൂടാതെ കൃഷി ഭവനുകൾ വഴിയും കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഓഫീസുകൾ വഴിയും കർഷകർക്കിടയിൽ വ്യാപക പ്രചരണം നടത്തിയിട്ടുണ്ട്. കർഷകരുടെ രജിസ്ട്രേഷൻ നടത്തുന്നതിലേയ്ക്കായി 24,62,050 അപേക്ഷകൾ പ്രിന്റ് ചെയ്ത് കൃഷി ഭവനുകൾ വഴി വിതരണം ചെയ്തിട്ടുണ്ട്. 2012 നവംബർ 16 വരെ സംസ്ഥാനത്തെ വിവിധ കൃഷി ഭവനുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കർഷകരുടെ ജില്ല തിരിച്ചുള്ള കണക്ക് താഴെ കൊടുത്തിരിക്കുന്നു. |

| നം. | ജില്ല | രജിസ്റ്റർ ചെയ്ത കർഷകരുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 96668 |
| 2. | കൊല്ലം | 108992 |
| 3 | പത്തനംതിട്ട | 62604 |
| 4 | കോട്ടയം | 65305 |

| | | |
|---|---|---|
| 5 | ഇടുക്കി | 87148 |
| 6 | ആലപ്പുഴ | 108059 |
| 7 | എറണാകുളം | 65305 |
| 8 | തൃശ്ശൂർ | 159958 |
| 9 | പാലക്കാട് | 124014 |
| 10 | മലപ്പുറം | 113724 |
| 11 | കോഴിക്കോട് | 156074 |
| 12 | വയനാട് | 104700 |
| 13 | കണ്ണൂർ | 135065 |
| 14 | കാസറഗോഡ് | 81425 |
| | **ആകെ** | **1469041** |

**(സി)** കാലപരിധി എടുത്തു കളഞ്ഞു കൊണ്ട് എല്ലാ കൃഷിക്കാർക്കും രജിസ്ട്രേഷൻ നടത്താൻ അവസരം നൽകുമോ ;

**(സി)** ഇപ്പോൾ പരിഗണനയിൽ ഇല്ല.

**(ഡി)** രജിസ്ട്രേഷൻ നടത്തുന്ന കൃഷിക്കാർക്ക് എന്തെല്ലാം സഹായങ്ങളാണ് ലഭ്യമാക്കാനുദ്ദേശിക്കുന്നത് ; വിശദമാക്കാമോ ?

**(ഡി)** കർഷക രജിസ്ട്രേഷൻ മുഖാന്തിരം കൃഷി ഭവനുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കർഷകരുടെ ഡേറ്റാ ബേസ് നിലവിൽ വരുന്നതോടെ കൃഷിക്കാർക്ക് താഴെ പറയുന്ന പ്രയോജനങ്ങൾ ലഭ്യമാകും.

1) കൃഷി ഭവൻ മുഖേന നടപ്പിലാക്കുന്ന വിവിധ പദ്ധതികൾക്ക് വേണ്ടി യഥാർത്ഥ ഗുണഭോക്താക്കളെ പെട്ടെന്ന് കണ്ടെത്തുവാൻ കഴിയും.
2) വിളകൾ വിസ്തൃതി എന്നിവയുടെ അടിസ്ഥാനത്തിലും കർഷകരുടെ വിവരങ്ങൾ പെട്ടെന്ന് ലഭ്യമാകുമെന്നതിനാൽ വിവിധ വിളകൾക്കു വേണ്ടിയുള്ള പദ്ധതികളുടെ നടത്തിപ്പിൽ കാലതാമസം ഒഴിവാകും.
3) ഗുണഭോക്താക്കളായ കർഷകർക്ക് പദ്ധതി ആനുകൂല്യങ്ങൾ നേരിട്ട് അവരുടെ ബാങ്ക് അക്കൗണ്ടുകളിൽ നൽകുന്നത് മൂലം കർഷകർക്ക് യഥാസമയം ആനുകൂല്യങ്ങൾ ലഭിക്കുന്നു.
4) സബ്സിഡി തുകയെ സംബന്ധിച്ച് വിശദാംശങ്ങൾ അറിയുന്നതിനും ആയത് സ്വീകരിക്കുന്നതിനും കർഷകർക്ക് കൃഷിഭവനുകളിൽ നേരിട്ട് ഹാജരാകേണ്ട സ്ഥിതി ഒഴിവാകുന്നു.
5) കാർഷിക പദ്ധതികൾ ഓൺലൈൻ ആയി മോണിറ്റർ ചെയ്യുന്നതിനും യഥാസമയം നടപടികൾ സ്വീകരിക്കുന്നതിനും കഴിയും.
6) ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ പുതിയ പദ്ധതികൾക്ക് രൂപം കൊടുക്കുവാനും കഴിയുന്നതാണ്.

സെക്ഷൻ ഓഫീസർ